പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1879 26-10-2026-ൽ മറുപടിയ്ക്ക്

ചങ്ങനാശ്ശേരി മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിലവിലെ പുരോഗതിയും പ്രവൃത്തികളിലുള്ള തടസ്സങ്ങളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ — ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

മറുപടി നൽകിയ മന്ത്രി — ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കാൻ അനുമതി നൽകിയതും നിലവിൽ പ്രവൃത്തി പുരോഗമിക്കുന്നു എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ മുഴുവൻ പദ്ധതികളുടെയും (റോഡുകൾ, കെട്ടിടങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ) നിലവിലെ ഭൗതിക അവസ്ഥയും നിർമ്മാണ ഘട്ടവും വ്യക്തമാക്കുന്ന വിശദമായ വിവരങ്ങൾ ഇനംതിരിച്ച് ലഭ്യമാക്കാമോ;

മറുപടി: ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കാൻ അനുമതി നൽകിയതിൽ നിലവിൽ പ്രവൃത്തി പുരോഗമിക്കുന്ന പദ്ധതികളുടെ നിലവിലെ ഭൗതിക അവസ്ഥയും നിർമ്മാണ ഘട്ടവും വ്യക്തമാക്കുന്ന വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) പ്രസ്തുത കിഫ്ബി പദ്ധതികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്തോ സമീപകാലത്തോ എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങളോ കാലതാമസങ്ങളോ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രോജക്ടുകളിലാണ് ഇത്തരം പ്രതിസന്ധികൾ നേരിട്ടതെന്ന് വ്യക്തമാക്കാമോ;

മറുപടി: പ്രസ്തുത കിഫ്ബി പദ്ധതികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്തോ സമീപകാലത്തോ റിപ്പോർട്ട് ചെയ്യപ്പെട്ട തടസ്സങ്ങൾ, കാലതാമസങ്ങൾ എന്നിവയും ഇവ പരിഹരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങളും അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കിഫ്ബി പ്രവൃത്തികളിൽ നേരിട്ട തടസ്സങ്ങളും കാലതാമസവും പരിഹരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) മണ്ഡലത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് കിഫ്ബിക്ക് കീഴിൽ ഏതെങ്കിലും പുതിയ പദ്ധതികൾ നിലവിൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വരുംകാലങ്ങളിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

മറുപടി: 24.02.2018-ലെ GO (Ms) No. 69/2018/Fin ഉത്തരവ് പ്രകാരം കിഫ്ബി വഴി നിർവ്വഹിക്കുന്നതിന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതോ മന്ത്രിസഭാ യോഗം അംഗീകരിച്ചിട്ടുള്ളതോ ആയ പദ്ധതികൾക്കാണ് കിഫ്ബി ധനസഹായം നൽകുന്നത്. ഇപ്രകാരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ കിഫ്ബി ഫണ്ടിംഗ് വിനിയോഗിച്ച് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഈ മാനദണ്ഡപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്.

(ഇ) കിഫ്ബി പദ്ധതികളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി നടപ്പ് വർഷം (2026) വകുപ്പുതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിരീക്ഷണ സംവിധാനങ്ങളുടെയും ഫണ്ട് ലഭ്യതയുടെയും പൂർണ്ണ വിവരങ്ങൾ രേഖാമൂലം നൽകാമോ?

മറുപടി: കിഫ്ബി ധനാനുമതി നൽകുന്ന പദ്ധതികൾ നടപ്പിലാക്കുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പുകൾ നിയമിക്കുന്ന പദ്ധതി നിർവ്വഹണ ഏജൻസികൾ വഴിയാണ്. എന്നിരുന്നാലും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഭരണ വകുപ്പുകളും പദ്ധതി നിർവ്വഹണ ഏജൻസികളുമായും കിഫ്ബി നിരന്തരം ആശയവിനിമയം നടത്തി വരുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനും വകുപ്പുകൾ/ഏജൻസികൾ തമ്മിലുള്ള ഏകോപനം ഉറപ്പാക്കുന്നതിനും പദ്ധതി നിർവ്വഹണ ഏജൻസികൾ, ബഹുമാന്യരായ നിയമസഭാ സാമാജികർ, മറ്റ് ജനപ്രതിനിധികൾ, ഭരണവകുപ്പ്, പദ്ധതി ആവശ്യപ്പെടുന്ന തരത്തിലുള്ള മറ്റ് ഏജൻസികൾ, കരാറുകാർ മുതലായവരെ ഉൾപ്പെടുത്തി കിഫ്ബി, ഭരണവകുപ്പ് തലങ്ങളിൽ പദ്ധതികൾ തിരിച്ചും നിയോജക മണ്ഡലങ്ങൾ തിരിച്ചും അവലോകന യോഗങ്ങൾ വിളിച്ച് ചേർത്തും ആവശ്യമായ മറ്റ് ഇടപെടലുകൾ നടത്തിയും പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിൽ കിഫ്ബിയുടെ ഭാഗത്ത് നിന്നും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

നടപ്പുവർഷം പദ്ധതി ചെലവുകൾക്കുള്ള തുക കിഫ്ബിയിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ

Sl. No	Department	Project Code	Main Project Name	Sub Project Name	Project Outlay (Rs. In Crore)	SPV Name	LAC	District	Work Status	Detailed Status	Obstacles or delay noticed during previous Govt and Current Government	The steps has been taken by current Govt to resolve the delay
1	PWD	PWD016-28	69 Bridges & Flyovers	Construction of Flyover at Railway junction in Changanassery Bypass in Kottayam District	₹ 85.68	RBDCK	Changanassery	Kottayam	Work in progress	DPR approved by KIIFB on 11.02.2020 for an amount of Rs.62.11 Cr. Land taken possession 65/69 completed. Balance pending due to WP(C) 39771/2022. TS committe was held on 30.10.2024 and recommented to issue technical sanction for the estimate amounting to Rs. 72,96,45,445.20. Revised F.S issued by KIIFB on 23.03.2025. Work tendered on 29.03.2025. Work awarded and LOA issued to the contractor on 24.09.2025. Agreement executed on 06.11.2025. NTP issued on 20.12.2025. Topographic survey completed. Soil Investigation completed. Plan and Profile approved by RITES on 28.08.2026. The GAD and test pile drawing were submitted by ULCCS to RITES on 26.09.2026, and the review by RITES is currently in progress.	No delay	Not Applicable

2	PWD	PWD004-68	137 Roads	Improvements to Changanassery - Kaviyoor road Km 0/000 to 13/272	₹ 48.30	KRFB	Changanassery	Kottayam	Work in progress	Original work Contract terminated vide Order dtd 23-06-2022 with risk & cost of contractor after 96% progress. Thereafter work was stalled due to Pipelaying works. Changanassery Kaviyoor road Km 0/000 to 13/272 - Balance work (working Ch 0/000 to 2/400) Part TS for ₹ 3,72,84,270 tendered on 06/11/2025. Retendered many times latest on 22.05.2026 Revised FS dated 30-06-2025. Rectification Works to Changanassery - Kaviyoor Road by Providing 40 mm MSS in Ch 2/500-13/300 km tendered with TPAC of ₹3,88,11,513 dated 08/01/2026. Pipelaying work to be completed in coordination with the road work	KWA utility shifting	All necessary directions were already issued and no issues raised by SPV during this period.
3	Health & Family Welfare	HFW002-61	Improvements to the infrastructure of Taluk, District and General Hospitals	Development of GH Changanassery	₹ 54.88	HITES	Changanassery	Kottayam	Work in progress	Demolishing of all existing buildings completed and Hindrance free complete site handed over to contractor on 14-10-2025. Structure and masonry completed. Civil Finishing works and MEP works are in progress. Substation work in progress	No delay in civil work. However, for the successful completion of work, M/s HITES has requested M/s KMSCL for technical inputs towards procurement of equipment and further action in this regard is awaited.	DPR for procurement of equipment not submitted by M/s KMSCL. KIIFB shall initiate action once the DPR is received subject to the decision of Government/ KIIF Board.

Section officer